

THURSDAY 21.03.2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/03/2024

1. കിസാൻ ക്രെഡിറ്റ് കാർഡിലൂടെ ലളിതമായ വ്യവസ്ഥയിൽ മൃഗങ്ങളെ വാങ്ങാൻ വ്യക്തികൾക്കും, ഗ്രൂപ്പുകൾക്കും 3 ലക്ഷം രൂപ വരെ വായ്പനൽകുന്നു. അതതു ബാങ്കിന്റെ പലിശ നിരക്ക് ബാധകം. പശു, ആട്, കോഴി, മുയൽ എന്നിവയ്ക്ക് 1,60,000 രൂപ വരെ സെക്യൂരിറ്റി നൽകേണ്ടതില്ല. ഈ തുകയ്ക്കു മുകളിലാണെങ്കിൽ സെക്യൂരിറ്റി വേണം. പരമാവധി 3 ലക്ഷം രൂപ വരെ ലോൺ നൽകും. അപേക്ഷാ ഫോം എല്ലാ മൃഗാശുപത്രികളിലും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം ആധാർ കാർഡ്, റേഷൻ കാർഡ്, കരം അടച്ച രസീത് എന്നിവയുടെ കോപ്പികൾ സഹിതം മൃഗാശുപത്രിയിൽ അപേക്ഷ നൽകാം.

2. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം പദ്ധതികൾ നടപ്പാക്കാൻ താൽപ്പര്യമുള്ള പഞ്ചായത്തുകൾക്ക് അപേക്ഷിക്കാം. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം, പിൻ-695024. ഫോൺ - 9495000920, 9495000933.

3. മൃഗസംരക്ഷണ മേഖലയിലെ പരിശീലനാർഥികൾക്കും സംരംഭകർക്കും കേരള സർക്കാർ മൃഗസംരക്ഷണവകുപ്പിന് കീഴിലുള്ള തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ നൈപുണ്യ സംരംഭകത്വ വികസന പരിശീലനം നേടാൻ അവസരം. ഈ അപ്രന്റീസ് പരിശീലനത്തിലൂടെ പരിശീലനാർത്ഥികളിൽ അവർ തെരഞ്ഞെടുക്കുന്ന വിഷയത്തിൽ നൈപുണ്യം വികസിക്കുകയും, ആ മേഖലയിൽ അവരുടെ പ്രവർത്തനം മികവുറ്റതാക്കുകയും ചെയ്യുന്നു. ഇത് നമ്മുടെ രാജ്യത്തും വിദേശത്തും, ഉപരിപഠനത്തിനും,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉദ്യോഗത്തിനും ഇവരെ പ്രാപ്തരാക്കുവാൻ സഹായിക്കും. കൂടുതൽ വിവരങ്ങൾക്ക് വകുപ്പിന്റെ www.ahd.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**പരിശീലന പരിപാടി**

4. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "IOT Concepts in Agriculture" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 ഏപ്രിൽ 08 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ ഏപ്രിൽ 07 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും ഇംഗ്ലീഷിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Defaulteng.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഏപ്രിൽ 08 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐ.ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

5. വേങ്ങേരി കാർഷിക വിപണന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന അഗ്രോ സൂപ്പർ ബസാറിൽ ഈ മാസം 21, 22, 23 തീയതികളിൽ തേനീച്ച വളർത്തൽ പരിശീലനം നൽകുന്നു. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 30 പേർക്കാണ് പരിശീലനം. അഗ്രോ സൂപ്പർ ബസാർ വേങ്ങേരി കാർഷിക വിപണന കേന്ദ്രം തടമ്പാട്ടുതാഴം, വേങ്ങേരി കോഴിക്കോട്

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

എന്ന വിലാസത്തിൽ ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് 0495 2370676, 9895211791, 7558880459 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഈ മാസം 22 വരെ പരിശീലനങ്ങളും പ്രദർശനങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് സാങ്കേതികവാരാഘോഷം സംഘടിപ്പിക്കുന്നു. ഇന്ന് (21.03.2024) മാറിയ കാലാവസ്ഥയ്ക്ക് അനുസരിച്ച് ജൈവ രീതിയിലുള്ള കൃഷി, 22 ന് അലങ്കാരമത്സ്യകൃഷി. കൂടുതൽ വിവരങ്ങൾക്ക് 8547544765, 0496 2966041 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഇടവേള കൂടിയ ടാപ്പിങ്‌രീതികൾ, നിയന്ത്രിതകമിഴ്ത്തിവെട്ട് എന്നിവയിൽ പരിശീലനം നൽകുന്നു. കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് മാർച്ച് 26-ന് നടത്തുന്ന പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

8. കാർഷിക നിർദ്ദേശം

ഏലച്ചെടിയിൽ അഴുകൽരോഗം നിയന്ത്രിക്കാൻ 1% വീര്യമുള്ള ബോർഡോമിശ്രിതം കാലാവർഷത്തിനുമുമ്പായി തളിച്ചുകൊടുക്കുക. തടചീയൽ രോഗത്തിനെതിരെ ജാഗ്രത പാലിക്കണം. രോഗപ്രതിരോധത്തിന് ഒരുലിറ്റർ വെള്ളത്തിൽ 3 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ചേർത്ത് ചുവട്ടിൽ ഒഴിച്ചുകൊടുക്കുക. നിലവിലുള്ള തോട്ടത്തിൽ 40-60% സൂര്യപ്രകാശം ലഭിക്കത്തവിധം തണൽ ക്രമീകരിക്കുക. തോട്ടത്തിന്റെ തെക്കുപടിഞ്ഞാറുഭാഗത്ത് കൂടുതൽ തണൽനൽകാൻ ശ്രദ്ധിക്കണം. കൃഷിയിടം കളവിമുക്തമാക്കി സൂക്ഷിക്കുകയും നീർച്ചാലുകൾ ആവശ്യത്തിന് വൃത്തിയാക്കുകയും ചെയ്യണം.